പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2970 **29-10-2026-ൽ മറുപടിയ്ക്ക്**

പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിങ് സെന്ററിൽ ജോലി ചെയ്തിരുന്നവരുടെ ശമ്പള കുടിശ്ശിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി .എം. എ. സമീർ ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിങ് സെന്ററിൽ മുൻ സർക്കാരിന്റെ കാലയളവിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് അവരുടെ ശമ്പള കുടിശ്ശിക പൂർണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോരുത്തർക്കും നൽകാനുള്ള തുക സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

മറുപടി: പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിങ് സെന്ററിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് 2026 ജൂലൈ മാസം വരെയുള്ള ഹോണറേറിയം നല്കിയിട്ടുണ്ട്. മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച കേസ് ബഹു.ഹൈകോടതിയുടെ പരിഗണനയിലായതിനാൽ ആഗസ്റ്റ് മാസം മുതലുള്ള ഹോണറേറിയം നല്കിയിട്ടില്ല. ബഹു.ഹൈകോടതിയുടെ ഉത്തരവിന് വിധേയമായി മാത്രമേ ആഗസ്റ്റ് മാസം മുതലുള്ള ഹോണറേറിയം അനുവദിക്കുന്ന വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) ഇവരുടെ ശമ്പളം അടക്കമുള്ള ആനുകൂല്യങ്ങൾ പൂർണമായും നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ഇവർക്ക് ശമ്പള കുടിശ്ശികയും മറ്റും വന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ